**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 401** **23-02-2022 - ൽ മറുപടിയ്ക്ക്**

**സർഫാസി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **null<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാധാരണക്കാർക്ക് വളരെ ബുദ്ധിമുട്ട് ഉളവാക്കുന്ന സർഫാസി നിയമം പിൻവലിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ബാങ്കിംഗ് എന്ന വിഷയം ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ 45-ാം ഇനമായി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിലുള്ള നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ പാർലമെന്റ് രൂപീകരിച്ചിട്ടുള്ള സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിയമാനുസൃതം സ്വീകരിക്കുന്ന നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളേറെയുണ്ട്. സർഫാസി നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലൂടെയുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസിലാക്കിയിട്ടുണ്ട്. അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002 ലെ സർഫാസി നിയമം ബാധകമല്ല എന്ന് വ്യവസ്ഥചെയ്യുന്നതിലേക്കായി സർഫാസി ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാരിന്റെ ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെയായി അനുകൂല പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതാണ്. സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾ മൂലം |

സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബുദ്ധിമുട്ടുകളും ആശങ്കകളും ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത സ്ഥിതിവിശേഷം സംബന്ധിച്ച് പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി കേരള നിയമസഭ ശ്രീ.എസ്.ശർമ്മ എം.എൽ.എ ചെയർമാനായി ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് കേരള നിയമസഭാ മുമ്പാകെ സമർപ്പിച്ചിരുന്നു. വായ്പയുടെ തിരിച്ചടവ് 3 ഗഡുക്കൾ തുടർച്ചയായി മുടങ്ങിയാൽ പ്രസ്തുത അക്കൗണ്ട് നിഷ്ക്രിയ ആസ്തിയായി പ്രഖ്യാപിക്കാനും കുടിശ്ശിക വരുത്തിയ വായ്പക്കാരനെ അയാളുടെ വസ്തുവിൽ നിന്നും പുറത്താക്കി വസ്തു ഏറ്റെടുക്കുവാനും സർഫാസി നിയമം ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളേയും അധികാരപ്പെടുത്തുന്നു. ഇക്കാര്യം പരിശോധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി ഒരു വർഷത്തെ കാലയളവിനു ശേഷവും തിരിച്ചടവ് നടത്താതെ കുടിശ്ശിക വരുത്തുന്ന വായ്പക്കാർക്കെതിരെ മാത്രമേ സർഫാസി നിയമപ്രകാരമുള്ള നടപടി ആരംഭിക്കാവൂ എന്ന രീതിയിൽ നിയമഭേദഗതി വരുത്തുവാനും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എന്നതുമാറ്റി പത്തുലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് മാത്രമേ നിയമം ബാധകമാവുകയുള്ളൂ എന്നും സർഫാസി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ശിപാർശ ചെയ്തിരുന്നു. കർഷകർ എടുക്കുന്ന എല്ലാത്തരം കടങ്ങളും കാർഷിക കടങ്ങളായി കാണണമെന്നും സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും വിദ്യാഭ്യാസ വായ്പയെടുത്ത ശേഷം നിശ്ചിതകാലയളവിനുള്ളിൽ ജോലി ലഭിക്കാത്തതിനാൽ തിരിച്ചടവ് മുടങ്ങിയവരെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനോ അവർക്ക് തിരിച്ചടവിനു കാലാവധി നീട്ടിനൽകാനോ ഉതകുന്ന നിയമഭേദഗതി കൊണ്ടുവരുന്നതിന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. സർഫാസി നിയമപ്രകാരം 'Agricultural land' ജപ്തി ചെയ്യാൻ പാടുള്ളതല്ല. എന്നാൽ സർഫാസി ആക്ടിൽ 'Agricultural land' എന്നതിന് പ്രത്യേക നിർവചനം നൽകിയിട്ടില്ലാത്തതാണ്. സാധാരണഗതിയിൽ കേരളത്തിൽ കൃഷിഭൂമിയിൽ തന്നെയാണ് കർഷകന്റെ വീടും സ്ഥിതി ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ റബ്ബർ, കാപ്പി, ഏലം ഉൾപ്പെടെ എല്ലാത്തരം കൃഷിഭൂമിയും സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്ന് കമ്മിറ്റി

| | | | |
|---|---|---|---|
| | | | അഭിപ്രായപ്പെട്ടിരുന്നു. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തോട്ടവിളകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കൃഷിയും ചെയ്യുന്ന ഭൂമി കൃഷിഭൂമിയായിത്തന്നെ കണക്കാക്കി വായ്പ നൽകുവാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. സമിതി ശിപാർശകൾ പ്രകാരം സർഫാസി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. സമിതി ശിപാർശകളിലെ ഓരോ ഇനത്തിലുംപെട്ട വായ്പക്കാരുടേയും വായ്പകളുടേയും വിവരങ്ങൾ ലഭ്യമാക്കുവാൻ കേന്ദ്രസർക്കാർ എസ്.എൽ.ബി.സി കൺവീനറോടും സർക്കാരിനോടും ആവശ്യപ്പെട്ടിട്ടിരുന്നു. കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ സംസ്ഥാനതല ബാങ്കേഴ്സ്സമിതി കൺവീനറും സംസ്ഥാന സർക്കാരും സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഇക്കാര്യത്തിൽ അനുകൂല തീരുമാനം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതാണ്. |
| (ബി) | സംസ്ഥാനത്ത് സർഫാസി നിയമം വന്നതിനുശേഷം എത്ര കുടുംബങ്ങൾക്ക് സ്വന്തം ഭവനം ജപ്തി ചെയ്യുന്ന സാഹചര്യം നേരിടേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിൽ ഒരു കണക്ക് എസ്.എൽ.ബി.സി യോ ബാങ്കുകളോ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | പ്രസ്തുത നിയമം പിൻവലിക്കാനും ജനങ്ങളുടെ സ്വസ്ഥജീവിതം ഉറപ്പുവരുത്താനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ബാങ്കിംഗ് എന്ന വിഷയം ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ 45-ാം ഇനമായി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിലുള്ള നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ പാർലമെന്റ് രൂപീകരിച്ചിട്ടുള്ള സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിയമാനുസൃതം സ്വീകരിക്കുന്ന നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളേറെയുണ്ട്. സർഫാസി നിയമം സംസ്ഥാനത്ത് നടപ്പാക്കി വരുന്നതിലൂടെയുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസിലാക്കിയിട്ടുണ്ട്. അഞ്ച് സെന്റിൽ കവിയാതെയുള്ള ഭൂമിയും വീടും സെക്യൂരിറ്റിയായി നൽകുമ്പോൾ ഉണ്ടാകുന്ന ബാധ്യതയ്ക്ക് 2002 ലെ സർഫാസി നിയമം ബാധകമല്ല എന്ന് വ്യവസ്ഥചെയ്യുന്നതിലേക്കായി സർഫാസി ആക്ടിന്റെ 31-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് |

കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസാക്കുകയും പ്രസ്തുത പ്രമേയം കേന്ദ്ര സർക്കാരിന്റെ ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെയായി അനുകൂല പ്രതികരണം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതാണ്. സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾ മൂലം സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബുദ്ധിമുട്ടുകളും ആശങ്കകളും ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത സ്ഥിതിവിശേഷം സംബന്ധിച്ച് പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി കേരള നിയമസഭ ശ്രീ.എസ്.ശർമ്മ എം.എൽ.എ ചെയർമാനായി ഒരു അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി പഠനം നടത്തി റിപ്പോർട്ട് കേരള നിയമസഭാ മുമ്പാകെ സമർപ്പിച്ചിരുന്നു. വായ്പയുടെ തിരിച്ചടവ് 3 ഗഡുക്കൾ തുടർച്ചയായി മുടങ്ങിയാൽ പ്രസ്തുത അക്കൗണ്ട് നിഷ്ക്രിയ ആസ്തിയായി പ്രഖ്യാപിക്കാനും കുടിശ്ശിക വരുത്തിയ വായ്പക്കാരനെ അയാളുടെ വസ്തുവിൽ നിന്നും പുറത്താക്കി വസ്തു ഏറ്റെടുക്കുവാനും സർഫാസി നിയമം ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളേയും അധികാരപ്പെടുത്തുന്നു. ഇക്കാര്യം പരിശോധിച്ച നിയമസഭാ അഡ്ഹോക്ക് കമ്മിറ്റി ഒരു വർഷത്തെ കാലയളവിനു ശേഷവും തിരിച്ചടവ് നടത്താതെ കുടിശ്ശിക വരുത്തുന്ന വായ്പക്കാർക്കെതിരെ മാത്രമേ സർഫാസി നിയമപ്രകാരമുള്ള നടപടി ആരംഭിക്കാവൂ എന്ന രീതിയിൽ നിയമഭേദഗതി വരുത്തുവാനും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ എന്നതുമാറ്റി പത്തുലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് മാത്രമേ നിയമം ബാധകമാവുകയുള്ളൂ എന്നും സർഫാസി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് ശിപാർശ ചെയ്തിരുന്നു. കർഷകർ എടുക്കുന്ന എല്ലാത്തരം കടങ്ങളും കാർഷിക കടങ്ങളായി കാണണമെന്നും സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നും വിദ്യാഭ്യാസ വായ്പയെടുത്ത ശേഷം നിശ്ചിതകാലയളവിനുള്ളിൽ ജോലി ലഭിക്കാത്തതിനാൽ തിരിച്ചടവ് മുടങ്ങിയവരെ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാനോ അവർക്ക് തിരിച്ചടവിനു കാലാവധി നീട്ടിനൽകാനോ ഉതകുന്ന നിയമഭേദഗതി കൊണ്ടുവരുന്നതിന് കേന്ദ്രഗവൺമെന്റിനോട്

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. സർഫാസി നിയമപ്രകാരം 'Agricultural land' ജപ്തി ചെയ്യാൻ പാടുള്ളതല്ല. എന്നാൽ സർഫാസി ആക്ടിൽ 'Agricultural land' എന്നതിന് പ്രത്യേക നിർവചനം നൽകിയിട്ടില്ലാത്തതാണ്. സാധാരണഗതിയിൽ കേരളത്തിൽ കൃഷിഭൂമിയിൽ തന്നെയാണ് കർഷകന്റെ വീടും സ്ഥിതി ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ റബ്ബർ, കാപ്പി, ഏലം ഉൾപ്പെടെ എല്ലാത്തരം കൃഷിഭൂമിയും സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടിരുന്നു. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തോട്ടവിളകൾ ഉൾപ്പെടെയുള്ള എല്ലാത്തരം കൃഷിയും ചെയ്യുന്ന ഭൂമി കൃഷിഭൂമിയായിത്തന്നെ കണക്കാക്കി വായ്പ നൽകുവാൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. സമിതി ശിപാർശകൾ പ്രകാരം സർഫാസി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. സമിതി ശിപാർശകളിലെ ഓരോ ഇനത്തിലുംപെട്ട വായ്പക്കാരുടേയും വായ്പകളുടേയും വിവരങ്ങൾ ലഭ്യമാക്കുവാൻ കേന്ദ്രസർക്കാർ എസ്.എൽ.ബി.സി കൺവീനറോടും സർക്കാരിനോടും ആവശ്യപ്പെട്ടിട്ടിരുന്നു. കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ സംസ്ഥാനതല ബാങ്കേഴ്സ്സമിതി കൺവീനറും സംസ്ഥാന സർക്കാരും സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഇക്കാര്യത്തിൽ അനുകൂല തീരുമാനം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ